**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീമതി.ഷാഹിന ബീഗം, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്, താലൂക്ക് ഫോർട്ട് ആശുപത്രി, തിരുവനന്തപുരം ഫയൽ ചെയ്ത OA2058/2025 പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- 1.ശ്രീമതി.ഷാഹിന ബീഗം ഫയൽ ചെയ്ത OA1661/2025

2.സ.ഉ(സാധാ)നം:3607/2025/H&FWD തീയതി:17.11.2025

3.ബഹു ട്രിബ്യൂണലിന്റെ 16.03.2026 തീയതിയിലെ ഇടക്കാല ഉത്തരവ്

4.കത്ത് നം:C(TVM)3-OA2058/25/26090336 തീയതി:24.07.2026

5.കത്ത് നം:C(TVM)3-OA2058/25/2026105748 തീയതി:07.08.2026

6.കത്ത് നം:C(TVM)3-OA2058/25/2026112370തീയതി:21.08.2026

**ഉത്തരവ് നം:** DHS/26756/2025-EE2 **തീയതി:** 24-08-2026

---

തിരുവനന്തപുരം താലൂക്ക് ഫോർട്ട് ആശുപത്രിയിലെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി.ഷാഹിന ബീഗം കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭ്യമാകുന്നതിന് പരാമർശം(1) പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ ടി ജീവനക്കാരി സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥലംമാറ്റത്തിന് അയോഗ്യയായിരുന്ന കാരണത്താൽ സർക്കാർ ടി യാരിയുടെ അപേക്ഷ നിരസിച്ചു പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ച് ടി ജീവനക്കാരി OA2058/2025കേസ് ബഹു .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽഫയൽ ചെയ്തു. കേസിന്റെ തുടർ നടപടികൾക്കായി വാദ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 01.06.2026 തീയതിയിൽ വിരമിക്കൽ

മൂലമുണ്ടാകാവുന്ന ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ ഒഴിവ് ബഹു.ട്രിബുണലിന്റെ ഉത്തരവ് ലഭ്യമാകാതെ നികത്തരുതെന്നു പരാമർശം(3) പ്രകാരം ഇടക്കാല ഉത്തരവ് ലഭിച്ചിരുന്നു.

തുടർന്ന് പരാമർശം (4)പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ ഒഴിവു നിലവിലുണ്ടെങ്കിൽ ടി ഒഴിവിലേക്ക് പരാതിക്കാരിയെ പരിഗണിക്കാൻ കഴിയുമോ എന്ന വിവരം ആവശ്യപ്പെട്ടു അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിന്നും കത്ത് ലഭ്യമായിരുന്നു. ഈ കത്തിന് മറുപടി ആയി പരാതിക്കാരിയുടെ വിരമിക്കൽ കാലയളവ് (31.05.2027) പരിഗണിച്ച് മേൽ ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ടി മറുപടിയിന്മേൽ പരാമർശം 5&6 കത്ത് പ്രകാരം അനുപാലന ഉത്തരവ് നല്കാൻ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിന്നും അറിയിപ്പ് ലഭ്യമായിട്ടുണ്ട്.

ശ്രീമതി.ഷാഹിന ബീഗത്തിനു പത്തു മാസത്തിൽ താഴെ മാത്രമേ സർവ്വീസ് ബാക്കിയുള്ളൂ എന്നതിനാൽ നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നതിന് ടി ജീവനക്കാരി അർഹയാണ്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം താലൂക്ക് ഫോർട്ട് ആശുപത്രിയിലെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി.ഷാഹിന ബീഗത്തെ കൊല്ലം കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ തുറന്ന ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 24-08-2026
17:44:18

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ശ്രീമതി.ഷാഹിന ബീഗം.എൻ,ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് ഷാഹിന മൻസിൽ, മൈനാഗപ്പള്ളി, വേങ്ങ, കൊല്ലം 690521

പകർപ്പ്:-

**1.**അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
**2.**പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ സി വകുപ്പ് തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
**3.**അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം തിരുവനന്തപുരം
**4.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
**5.**ജില്ലാ മെഡിക്കൽ ഓഫീസർ(ആ)തിരുവനന്തപുരം
**6.**ജില്ലാ മെഡിക്കൽ ഓഫീസർ(ആ) കൊല്ലം
**7.**കരുതൽ ഫയൽ